

ഡിജിറ്റൽ മാഗസിൻ 2023-2024
e-ദളങ്ങൾ
L K
ജി .എച്ച് .എസ്. അവനവഞ്ചേരി

# ആശംസ

പ്രിയപ്പെട്ടവരേ, നമുക്ക് നമ്മെ തിരിച്ചറിയാൻ കഴിയുക വളരെ പ്രധാനമാണ്. കാരണം, പലർക്കും അതിനു കഴിയാറില്ല. അതിനുള്ള സന്ദർഭങ്ങൾ കിട്ടാത്തതോ, സഹായിക്കാൻ കഴിയുന്ന ആൾക്കാർ ഇല്ലാത്തതോ ആകാം കാരണം... നമ്മുടെ 'ലിറ്റിൽ കൈറ്റ്സി'ന്റെ കൊച്ചു കൂട്ടുകാർക്ക് ഇത് രണ്ടുമുണ്ട്... നിങ്ങളുടെ സൃഷ്ടിപരമായ കഴിവുകൾ കണ്ടെത്തി അവതരിപ്പിക്കുവാനും മറ്റുള്ളവരുടെ അർത്ഥപൂർണ്ണമായ വിലയിരുത്തലിലൂടെ അത് പരിപോഷിപ്പിക്കുവാനുമുള്ള അവസരമായി ഈ ഡിജിറ്റൽ മാഗസിൻ മാറട്ടെ.... ഇതൊരു ആനന്ദകരമായ ജൈത്രയാത്രയുടെ മധുരമായ തുടക്കമാവട്ടെ ..... എല്ലാ ആശംസകളും നേരുന്നു..... കുഞ്ഞുങ്ങൾക്കും, വഴികാട്ടികളായി കൂടെത്തന്നെയുള്ള അദ്ധ്യാപകർക്കും......

സ്നേഹപൂർവ്വം,
നിമി. ജി. എൽ
പ്രഥമാധ്യാപകൻ

# ആശംസ

വിദ്യാഭ്യാസ രംഗത്ത് സാങ്കേതിക വിദ്യയിലും സംവിധാനങ്ങളിലും ശൈലികളിലും ലോകത്താകമാനം വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കയാണ്. അതിനോട് കിടപിടിക്കുന്ന വിധം നവീനസാങ്കേതിക വിദ്യകളുടെ സഹായത്താൽ കൊച്ചു കേരളവും ഹൈടെക് വിദ്യാഭാസ രീതിയിലൂടെ വൻ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കയാണ്. ഈ മാറ്റങ്ങൾക്ക് ഉത്തമ ഉദാഹരണമാണ് ലിറ്റിൽ  കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ. അവനവഞ്ചേരി ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ  ഡിജിറ്റൽ മാഗസിനായ ." ഇ-ദളങ്ങൾ " ഇതിന് ഒരു പൊൻ തൂവൽ കൂടി ചേർക്കുകയാണ് . ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്കും മാഗസിൻ നിർമാണത്തിന് പിന്നിലെ അണിയറ പ്രവർത്തകർക്കും എല്ലാ വിധ ആശംസകളും നേരുന്നു

പ്രതീപ് ചന്ദ്രൻ .ആർ
കൈറ്റ് മാസ്റ്റർ

# ആശംസ

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്‍റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളെല്ലാം ഹൈടെക് സ്ക്കൂളുകളായി മാറിയിരിക്കുന്നു. സ്ക്കൂൾ ലിറ്റിൽ കൈറ്റ്സും അതിന്റെ പ്രവർത്തനങ്ങളും ഇതിൽ പ്രധാന പങ്ക് വഹിക്കുന്നു.. 2023 - 24 വർഷത്തെ ഡിജിറ്റൽ മാഗസിൻ ." e-ദളങ്ങൾ " ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ സാങ്കേതികവിദ്യ മികവ് തെളിയിക്കുന്നു. തുടർന്നും ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു

വീണ സി എസ്
കൈറ്റ് മിസ്ട്രസ്

# ഉള്ളടക്കം


- സ്നേഹം ........................................ 9-10
- പുലരി പ്രകൃതിയുടെ സൗന്ദര്യം ........................ 11-12
- രഹസ്യസഹോദരർ ........................ 13-14
- അപ്പുവിന്റെ സമ്മാനം ........................ 15
- എന്റെ അമ്മ ........................ 16
- അമ്മയാകുന്ന പ്രകൃതി ........................ 17
- പുസ്തകം ........................ 18
- മാതൃ സ്നേഹം ........................ 19
- യാത്രയിലേക്ക് ........................ 20
- സൗഹൃദം ........................ 21-22
- മഴവില്ല് ........................ 23
- മനോഹരിയായ പ്രകൃതി ........................ 24
- ശ്രമിച്ചുകൊണ്ടേയിരിക്കു ........................ 25-26
- സഹായം ........................ 27-28
- കൂട്ടുകാരൻ ........................ 29
- റിയാലിറ്റി vs ഡിജിറ്റൽ ........................ 30
- അമ്മ മലയാളം ........................ 31
- ഉറുമ്പ് ........................ 32-35
- പേക്കിനാവ് ........................ 36.

- ചങ്ങാതി ........................................................ 37
- ലോകം ........................................................ 38
- വൃക്ഷങ്ങൾക്കും പറയാനുണ്ട് .................... 39
- ക്യാമറ ........................................................ 40
- തേങ്ങ ........................................................ 41
- ജീവിതസന്ധ്യ ................................................ 42
- അനാഥ ........................................................ 43-44
- എന്റെ ഒറ്റയ്ക്കുള്ള യാത്രകൾ ........................ 45-46
- മൊബൈൽ ഫോൺ .................................... 47-48
- ചെമ്പരത്തി .................................................. 49-50
- പ്രാർത്ഥന ................................................ 51
- മഴ ........................................................ 52
- സൈബർ ഫയൽസ് ................................ 53-54

# ജി എച്ച് എസ് .അവനവഞ്ചേരി




തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ആറ്റിങ്ങൽ നഗരസഭപരിധിയിൽ അവനവഞ്ചേരി ഗ്രാമഹൃദയത്തിൽ സ്ഥിതിചെയ്യുന്ന സരസ്വതി വിദ്യാലയമാണ് അവനവഞ്ചേരി ഗവൺമെന്റ് ഹൈസ്കൂൾ. ദേശീയ തലത്തിൽ വിവിധ ഏജൻസികളുടെ പഠനരേഖ പ്രകാരം പൊതുവിദ്യാഭ്യാസ മേഖലയിൽ അഭിമാനകരമായ നേട്ടം കൈവരിച്ച ഒരു മാതൃകാവിദ്യാലയമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണിത് . അവനവഞ്ചേരി മോഡൽ വിദ്യാഭ്യാസം രാജ്യത്താകെ മാതൃകയാക്കാൻ വിവിധ പഠന ഏജൻസികൾ കേന്ദ്രത്തിൽ ശുപാർശ നൽകിയത് വിദ്യാലയത്തിന് അഭിമാനമാണ്.നാടിന്റെ വികസന

ജി.എച്ച്.എസ്സ് അവനവഞ്ചേരി

സൂചികയിൽ വിദ്യാലയത്തിന് പ്രഥമ സ്ഥാനമുണ്ട്. കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയുടെ അടിത്തറ വിപുലീകരിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിച്ച വിദ്യാലയം തലയുയർത്തിനിൽക്കുന്നു.ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിലാണ് സ്കൂൾ പ്രവർത്തിക്കുന്നത് എങ്കിലും മുദാക്കൽ , കരവാരം, കിഴുവലം തുടങ്ങിയ സമീപപഞ്ചായത്തുകളിലെ പാവപ്പെട്ട കുട്ടികളാണ് ഭൂരിഭാഗവും പഠിതാക്കൾ അവനവഞ്ചേരി പ്രദേശത്തിന്റെ മാത്രമല്ല പൊതു വിദ്യാഭ്യാസ മേഖലയിലെ തന്നെ അഭിമാനസ്തംഭമായി നിലകൊള്ളുന്ന ഗവൺമെന്റ് ഹൈസ്കൂൾ അവനവഞ്ചേരി എന്ന വിദ്യാലയമുത്തശ്ശി തന്റെ പ്രയാണമാരംഭിച്ചതു ഒരു പ്രൈമറി വിദ്യാലയമായാണ്. സ്ഥലത്തെ പുരാതന കുടുംബമായ കല്ലിങ്കൽ തറവാട്ടുവക 25 സെന്റ് സ്ഥലത്ത് ആരംഭിച്ച വിദ്യാലയം തന്റെ ജൈത്രയാത്ര ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. കൊല്ലവർഷം 1100 (1925) സ്ഥാപിതമായ വിദ്യാലയ മുത്തശ്ശി ഇന്ന് നവതി പിന്നിട്ടിരിക്കുന്നു. അക്കാദമിക പ്രവർത്തനങ്ങളോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങളിലും സ്കൂൾ മുൻപന്തിയിൽ നിൽക്കുന്നു.കുട്ടികളുടെ സർവതോന്മുഖമായ വികസനവും സർഗ്ഗാത്മകതയും ലക്ഷ്യമിട്ടുള്ള നിരവധി പ്രവർത്തനങ്ങൾ സ്കൂൾ ഏറ്റെടുത്തു നടത്തി വരുന്നു.

| | |
|---|---|
| സ്കൂൾ കോഡ് | 42021 |
| റവന്യൂ ജില്ല | തിരുവനന്തപുരം |
| വിദ്യാഭ്യാസ ജില്ല | ആറ്റിങ്ങൽ |
| ഉപജില്ല | ആറ്റിങ്ങൽ |
| പ്രധാന അദ്ധ്യാപകൻ | നിമി ജി എൽ |
| പി.ടി.എ. പ്രസിഡണ്ട് | ജിബി |

# സ്നേഹം

പണ്ട് പണ്ട് ഒരു സ്ഥലത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും അവരുടെ കൊച്ചുമക്കളുടെ കൂടെ താമസിച്ചിരുന്നു . അവർ അത്ര വലിയ പണക്കാർ ഒന്നുമല്ലെങ്കിലും അവരെ കൊണ്ട് പറ്റുന്ന പോലെ കൊച്ചുമകളുടെ ആഗ്രഹങ്ങൾ സാധിച്ചു കൊടുത്തു. അമ്മു ,അപ്പു എന്നായിരുന്നു കുട്ടികളുടെ പേര്. തൊട്ടതിനും പിടിച്ചതിനും എല്ലാത്തിനും അവർ തമ്മിൽ എപ്പോഴും അടിയും വഴക്കും ആയിരുന്നു. ആദ്യമൊന്നും അവർ ഇതിനെ കാര്യമായെടുത്തില്ല. കുട്ടികളല്ലേ എന്നുകരുതി. പക്ഷേ ഇവർ തമ്മിലുള്ള പിണക്കങ്ങളും പ്രശ്നങ്ങളും കൂടിക്കൂടി വരികയും അവസാനം ഇവർ ശത്രുക്കളെപ്പോലെ പെരുമാറുകയും ചെയ്യാൻ തുടങ്ങിയപ്പോൾ അപ്പൂപ്പന്റെ മനസ്സിൽ വിഷമങ്ങൾ കൂടിക്കൂടിവന്നു .കാരണം അവരുടെ മക്കൾ ഈ പ്രായത്തിൽ ചില പ്രശ്നങ്ങൾ വഴക്കുണ്ടാക്കുകയും പിണങ്ങുകയും ചെയ്യുമ്പോൾ അവർ ഇത് കാര്യമാക്കിയില്ല. പക്ഷേ കുട്ടികൾ വളർന്നപ്പോൾ അവരുടെ മനസ്സിലെ ചിന്തകളും വളർന്നു. ചെറിയ ചെറിയ പ്രശ്നങ്ങൾ പിണക്കങ്ങൾ വലിയ വലിയ പ്രശ്നങ്ങൾ ആക്കുകയും പിണക്കങ്ങളും ആഴം കൂടുകയും അവർ മുഖത്ത് പോലും നോക്കാൻ കഴിയാത്തരീതിയിൽ ശത്രുക്കളായി മാറുകയും ചെയ്തു. ഇതൊക്കെ ആലോചിച്ച് അപ്പൂപ്പന് ഒരുപാട് സങ്കടമായി

അങ്ങനെ ഇതിനൊരു തീരുമാനം എടുക്കാൻ തീരുമാനിച്ചു. അപ്പോൾ കുട്ടികൾ മാമ്പഴത്തിന് പേരിൽ വഴക്ക് കൂടുന്നത് അപ്പൂപ്പൻ ശ്രദ്ധയിൽപ്പെട്ടു .ഇതുതന്നെ അവസരം എന്നുകരുതി അപ്പുപ്പൻ അവരുടെ അടുത്ത് ചെന്ന് . എന്നിട്ട് പറഞ്ഞു .മക്കളെ.......മാമ്പഴം കഴിച്ചാൽ തീർന്നു പോകുന്നതാണ് .പക്ഷേ മനുഷ്യ മനസ്സുകൾ തമ്മിലുള്ള ബന്ധം ഒരു നിമിഷത്തെ സന്തോഷത്തിനുവേണ്ടി ഇല്ലാതാക്കരുത് .കാരണം ഈ സന്തോഷം എന്നും നമ്മോടൊപ്പം കാണില്ല .കുറച്ചു സമയം മാത്രമാണ് ഇതിന്റെ ആയുസ്സ് അതിനുവേണ്ടി കാലങ്ങളോളം നിലനിൽക്കാനുള്ള നിങ്ങളുടെ സ്നേഹം ഇല്ലാതാക്കരുത്. മാമ്പഴത്തിന് കാര്യത്തിൽ മാത്രമല്ല മക്കളെ ഒരു കാര്യത്തിലും. ഞാൻ പറഞ്ഞത് മനസ്സിലായോ മക്കൾക്ക്? അപ്പൂപ്പൻ ചോദിച്ചു. കുട്ടികൾക്ക് അവർ ചെയ്യുന്നത് തെറ്റാണ് എന്ന് ബോധം ഉണ്ടായി പിന്നെ അങ്ങോട്ട് എല്ലാ സാധനങ്ങളും പരസ്പരം പങ്കു വച്ച് സ്നേഹത്തിൽ അവർ ജീവിച്ചു. ഇത് കണ്ട് അപ്പൂപ്പനും .അമ്മൂമ്മയ്ക്കും സന്തോഷമായി

**അനന്യരാജീവ്**




പുലരുമ്പോൾ പൂക്കുവാൻ
മൊട്ടിടും പൂവേ നിൻ.......
ഇതളുകൾക്കെന്തൊരു ഭംഗി
പുലരുമ്പോൾ വന്നീടാൻ
നിൽക്കുമെൻ  സൂര്യനെ
കാണുവാനെന്തൊരു ഭംഗി
തെന്നലാലാടുന്ന  വൃക്ഷത്തെ
കാണുവാനെന്തൊരു ഭംഗിയാണെന്നോ
പൂവിടും പൂക്കളിൽ മഞ്ഞു
പൊഴിച്ചീടും
പുലരിക്കുമെന്തൊരു ഭംഗി

കാട്ടിലൊഴുകുന്ന പുഴയും തോടും
പ്രകൃതിയാൽ സൗന്ദര്യമാകും
പുഴയിലെ മീനുകൾ തുള്ളിക്കളിച്ചീടും
ജലപുഷ്പഗണത്തോടൊപ്പം
പുലരി നിൻ സൗന്ദര്യം
മറക്കുവാൻ കഴിയില്ല
നിന്നെക്കാൾ ഭംഗി മറ്റാർക്കുമില്ല
പ്രകൃതി തൻ സൗന്ദര്യ
രാജ്ഞിയാണെ
ഇതു പ്രകൃതിതൻ നന്മതൻ
രാജ്ഞിയാണെ.....

ആവണി . ബി

# രഹസ്യ സഹോദരൻ



അങ്ങ് കുറച്ചുനാളുകൾക്കു മുമ്പ് രണ്ട് അടുത്ത സുഹൃത്തുക്കൾ സ്കൂളിൽ ഉണ്ടായിരുന്നു. ഒരാൾ വരുന്നത് വളരെ ധനികയായ ഒരു അമ്മയുടെ അടുത്തു നിന്നായിരുന്നു . മനു എന്നായിരുന്നു അവന്റെ പേര്. മനുവിന്റെ അച്ഛൻ ഇല്ല മരിച്ചുപോയി . എന്നാൽ മറിച്ച് മനുവിന്റെ അടുത്ത സുഹൃത്തായ വിനു വരുന്നത് ഗ്രാമീണയായ ഒരു അമ്മയുടെ പക്കൽ നിന്നായിരുന്നു .വിനുവിനും അച്ഛനില്ല .ഒരു വാഹനാപകടത്തിലൂടെയായിരുന്നു മരണം. ഇരുവരും വളരെ അടുത്ത സുഹൃത്തുക്കളാണ് എന്തു കിട്ടിയാലും പങ്കിട്ട് ആയിരുന്നു അവർ കഴിച്ചിരുന്നത് ധനികയായ അമ്മ ഉണ്ടാകുന്ന ഭക്ഷണവും ഗ്രാമീണയായ അമ്മ ഉണ്ടാകുന്ന ഭക്ഷണവും വളരെ രുചികരമാണ് .ഇരുവരും രണ്ടുതരം ഭക്ഷണങ്ങളും പങ്കിട്ടാണു എന്നും കഴിക്കാറ്. എന്നാൽ ഇതിനൊക്കെ പിന്നിൽ വലിയൊരു കഥയുണ്ട്.മനുവിന്റെ കൂടെ ഒരാളും കൂടി ജനിക്കുമ്പോൾ ഉണ്ടായിരുന്നു

കുഞ്ഞ് ജനിച്ച് 3 മാസമായപ്പോൾ അതിൽ ഒരു കുട്ടിയെ ഉപേക്ഷിച്ചു .ഒരു ഗ്രാമത്തിൽ വെച്ച്. തന്റെ ഭർത്താവ് മരിച്ചപ്പോൾ കുറേ കടം വന്നിരുന്നു. ഈ കടം കാരണമാണ് തന്റെ ഒരു കുഞ്ഞിനെ അമ്മ ഉപേക്ഷിച്ചത് . വിനുവിനും ഉണ്ട് ഒരു കഥ . ഗ്രാമീണയായ അമ്മയ്ക്ക് അവനെ കിട്ടിയത് ഒരു രാത്രിയിലായിരുന്നു തന്റെ വീടുപടിക്കൽ ഒരു കുഞ്ഞ് കരയുന്നതായി കേട്ടു .ആ അമ്മ ഉറക്കത്തിൽ നിന്ന് വഴുതിയെണിറ്റു .പ്രതീക്ഷിച്ചത് പോലെ തന്നെ ഒരു കുട്ടി .തനിക്ക് ഇതുവരെ കുട്ടികൾ ഇല്ലായിരുന്നു അതിനാൽ വിനുവിനെ കിട്ടിയപ്പൊൾ ഇരട്ടി മധുരിച്ചു ആ അമ്മ . ഇതിലൂടെ നമുക്ക് മനസ്സിലാക്കാം വിനുവും മനുവും അടുത്ത സുഹൃത്തുക്കൾ അല്ല രക്തബന്ധം ആണെന്ന് .അവർ അറിയാതെ അടുത്തുകൊണ്ടിരിക്കുകയാണ് സഹോദരങ്ങളെ പോലെ അല്ല സഹോദരങ്ങളായിതന്നെ........

**അൽഫിയഫസിൽ**

# അപ്പുവിന്റെ സമ്മാനം



അപ്പുവിന്റെ വീട്ടിൽ അവനും അവന്റെ അമ്മയും ആണ് ഉണ്ടായിരുന്നത്. അച്ഛൻ അവനു രണ്ടു വയസ്സുള്ളപ്പോഴാണ് മരിച്ചത്. എന്നിരുന്നാലും അവർ വളരെ സന്തോഷത്തോടെ ആണ് ജീവിച്ചത്. ക്രിസ്തുമസ്സിന്റെ തലേ ദിവസം അവനും അവന്റെ അമ്മയും പുൽക്കൂട്ടിനുള്ള സാധനങ്ങൾ വാങ്ങാൻ പോയി. അവൻ അവിടെ ഒരു റിമോട്ട് കൺട്രോൾ കാർ കണ്ടു. അവൻ അമ്മയോട് വാങ്ങിച്ചു തരാൻ പറഞ്ഞു. ഭയങ്കര വില ആയതു കൊണ്ട് അമ്മ അവന് വാങ്ങിച്ചു കൊടുത്തില്ല. അവൻ വിഷമത്തോടെ അവന്റെ അമ്മയുടെ കൂടെ വീട്ടിൽ പോയി. ഇതെല്ലാം ആ കടയിൽ നിന്ന ഒരാൾ കണ്ടു. അദ്ദേഹത്തിന് ആ കുട്ടിയോട് സഹതാപം തോന്നി. ആ ദിവസം അപ്പുവിന്റെ വീട്ടിൽ കിസ്തുമസ്സ് കരോൾ വന്നു. സാന്റായുടെ വേഷമിട്ടത് ആ കടയിൽ നിന്നിരുന്ന ആളായിരുന്നു .അപ്പുവിന് സാന്റാ സമ്മാനം കൊടുത്തത് ആ കാർ ആണ് . അവന് ഒത്തിരി സന്തോഷമായി.

ആവണി . ബി

# എന്റെ അമ്മ



അമ്മ തൻ കൈകളാൽ

മാറോടണച്ചെന്നേ പുൽകും നേരം

എൻ മാനസം നിറയേ

മഞ്ഞുതുള്ളിയായ്

അമ്മയാണെൻ  ജീവനും

ലോകവും,ദൈവവും

പ്രണവ്




അമ്മയാകുന്ന പ്രകൃതി നീ .....

അമ്മയില്ലാത്തവർക്കെല്ലാം

അമ്മയാകുന്ന പ്രകൃതി നീ ......

സ്നേഹമായി ഒഴുകുന്ന നദി നീ അമ്മേ..

മഴയായി പെയ്യുന്ന മേഘമാണ് നീ  അമ്മേ  ..

ജീവന്റെ  ശ്വാസമാണ് നീ അമ്മേ....

പ്രകൃതിയാകുന്ന അമ്മ നിനക്ക് വന്ദനം ...

ദേവിത .ജി .എ

# പുസ്തകം



മിഴി തുറന്ന് മനം തുറന്നതാ..
മനസിലേക്ക് ആ അക്ഷരങ്ങൾ..
തേനൂറും പഴംകഥകൾ മൊഴിയുമാ
പുസ്തകത്തെ മാറോടു അണയിച്ചു വായിച്ചാനേരം..
കാട്ടിലെ കുരങ്ങിന്നോട് ഒപ്പമോ..
നാട്ടിലെ കുട്ടിയോടൊപ്മോ
ഞാൻ യാത്ര ചെയ്കെ
വെള്ള പട്ട്ടുത് കറുത്ത വരകളാണിഞ്ഞ
എന്നമ്മ ആയ ആ പുസ്തകത്തെ എന്നെന്നും
മിത്രമായ് കുടെ ഉണ്ടാവുകാൻ ആഗ്രഹിക്കേ..

സായ് ദർശന

# മാതൃ സ്നേഹം

ഒരിക്കൽ രാജപ്രൗഡിയിൽ തന്റെ മക്കളോടൊപ്പം കാറിൽ യാത്ര ചെയ്യുകയായിരുന്നു ഒരമ്മയും അവരുടെ രണ്ടുമക്കളും. പെട്ടെന്ന് അവരുടെ കാറിന് മുൻപിലായി ഒരുകൊച്ചുസുന്ദരികുട്ടി .അവർ കാർ നിർത്തി. അവൾപറഞ്ഞു അമ്മേ കഴിഞ്ഞദിവസം എന്റെ അമ്മ മരിച്ചു .എനിക്കാരുമില്ല .വിശന്നിട്ടുവയ്യ. പെട്ടെന്ന് ആ സ്ത്രീയുടെ  കണ്ണുനിറഞ്ഞു .അവർ ഓർത്തു എനിക്ക് പണമുണ്ട് .ബന്തുക്കളുണ്ട് . ഇതൊന്നുമില്ലെങ്കിൽ ഞാൻ മരിച്ചാൽ  എന്റമക്കളുടെ അവസ്ഥ .ദൈവമേ  ആ സ്ത്രീ മനസ്സിൽവിളിച്ചു. കണ്ണുതുടച്ചു കൊണ്ട്  സ്നേഹം  തുളുമ്പുന്ന കണ്ണുകളാൽ അവളെ നോക്കി .എന്നിട്ടു  ചോദിച്ചു മോൾ ഈ അമ്മയോടൊപ്പം പോരുന്നോ. നല്ലവരായ ആ സ്ത്രീ ആ കുട്ടിയെ തന്റെ മക്കളോടൊപ്പം വളർത്തി.

സംഗീത.എസ്

# യാത്രയിലേക്ക്

ഏകാന്തതയുടെ രാവുകൾ കടന്നു പോയി അങ്ങ് ദൂരെ......
കണ്ണീരിൻ കടൽ മറഞ്ഞു പോയി അങ്ങ് അകലെ..... പോവുകയാണ്
അങ്ങ് ദൂരെ ഞാൻ ആഗ്രഹങ്ങൾ ബാക്കി ആക്കി....
മറയുകയാണ് ഞാൻ അകലെ എൻ സ്വപ്നം ബാക്കി ആക്കി
സൗഹൃദമില്ലാ സ്നേഹമില്ലാ
കരുത്തില്ലാ കരുതലില്ല
കണ്ണീരുമായ് സന്തോഷിക്കാൻ എൻ
ആത്മാവു മാത്രം എന്നും എൻ കൂടെ....
കണ്ണീരിൻ കടലിൻ നടുവിലേക്ക് ദിശ അറിയാതെ ഒരു യാത്ര
തുണയാകു നീ എൻ നിഴലേ
കരുത്തായി കരുതലായ്
എൻ ആത്മാവിൻ കൂടെ
ഒരു പിടി മണ്ണിൽ ഉറങ്ങാൻ കിടക്കുമ്പോൾ
കൂടെ വാ കൂട്ടു വാ എൻ നിഴലിന്റെ കൂടെ...

അനുപമ . കെ . എം




ആത്മാർത്ഥ മിത്ര -
മൊരു കണ്ണാടി പോലാണ്.
ചങ്ങാതി നന്നായാൽ-
കണ്ണാടി വേണ്ട.
സൗഹൃദ ബന്ധമാകു-
ന്നൊരു കൊച്ചു പൂമ്പാറ്റ
ക്കേതൊരു മഹാ സമുദ്രവും
മറികടക്കാൻ കഴിയും.

സൗഹൃദമൊരു മഹാശക്തിയാണ്
സൗഹൃദം നമ്മെ
നാമാക്കി മാറ്റുന്നു
ഏഴു സാഗരത്തിൻ
ജലം മഷിയാക്കി
മാറ്റിയാലും എഴുതി
തീർക്കാൻ കഴിയില്ല
സൗഹൃദത്തിൻ മേന്മ

ദേവികനാരായണൻ . വി

ജി.എച്ച്.എസ്സ് അവനവഞ്ചേരി




മാനത്ത് വർണ്ണ ശോഭയാൽ പ്രകാശിച്ചു നീ
ഏഴു നിറങ്ങളാൽ നീ വിണ്ണിൽ മന്ദാഹാസം തൂകി നിന്നു
മധുരമാം ഓർമകൾ എന്നിൽ മാഞ്ഞുപോയി
മാടി വിളിക്കുന്നു ഞാൻ എന്നിലെ കളി കൂട്ടുകാരിയായി
പ്രകൃതി ഹിമകണങ്ങളാൽ നീരാടിയോരാനേരത്ത്
അംമ്പരവീഥിയിൽ ഏഴഴകുമായി പൊൻ തൂവൽ
വീശി നിന്നു നീ ഒരു കിളിയായ് പറന്നു നിൻ
അരികിലെത്തുവാൻ മോഹിച്ചുപോയിന്നുഞാൻ

**അനുശ്രീ . എ**

# മനോഹരിയായ പ്രകൃതി

പ്രകൃതി വളരെ സുന്ദരമാണ്. സത്യമുള്ളതാണ്. കളകളം ഒഴുകുന്ന പുഴയും തോടും കായലും നീർച്ചാലുകളും നിറഞ്ഞതാണ് പ്രകൃതി. മഴയും വെയിലും കാറ്റും വെളിച്ചവും നമുക്ക് നൽകുന്നത് പ്രകൃതിയാണ്. രാത്രിയും പകലും ഇതിന്റെ അതിശയങ്ങളാണ്. മനുഷ്യരും പക്ഷികളും മൃഗങ്ങളും ചെടികളും വൃക്ഷങ്ങളുമൊക്കെ പ്രകൃതിയുടെ വരദാനമാണ്. പ്രകൃതി കോപിച്ചാൽ എല്ലാം നശിക്കും. വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുകയും ചെടികൾ നട്ടുപിടിപ്പിക്കുകയും എല്ലാ ജലശ്രോതസ്സുകളും സംരക്ഷിക്കുകയും ചെയ്യണം. വളരെ വളരെ മനോഹരമായ പ്രകൃതിയെ നാം ഓരോരുത്തരും സ്നേഹിക്കണം.

**നിവേദ്യ .ജെ . എസ്**

# ശ്രമിച്ചുകൊണ്ടേയിരിക്കൂ.....

ഒരിക്കൽ ചൈനയിലെ ചെങ് യാങ് എന്ന ഗ്രാമത്തിൽ ഒരു പെൺ കുട്ടിക്ക് ഡോക്ടർ ആകണം എന്നൊരു ആഗ്രഹം ഉണ്ടായി. എന്നാൽ അവൾക്ക് അറിയാമായിരുന്നു ഡോക്ടർ ആകുക എന്നത് അനായാസം സാധിക്കുന്ന കാര്യമല്ല എന്ന് . എന്നാലും അവൾ എങ്ങനെയെങ്കിലും ഡോക്ടർ ആകണം എന്ന് ആഗ്രഹിച്ചു . അവൾ കൂടുതൽ സമയം പഠിക്കാൻ തീരുമാനിച്ചു. അങ്ങനെ അവൾ കഠിനമായി പഠിക്കാൻ തുടങ്ങി. അതിന്റെ ഫലം ആയി അവൾക്കു സ്കോളർഷിപ്പിലൂടെ ഒരു വലിയ കോളേജിൽ പഠിക്കാൻ അവസരം ലഭിച്ചു.. എന്നാൽ അവിടെയുള്ള കൂടുതൽ പേരും ധനികരായിരുന്നു .അവർ അവളെ കളിയാക്കാൻ തുടങ്ങി . എന്നാലും അവൾക്കു തോൽക്കാൻ മനസ്സു വന്നില്ല. കളിയാക്കലുകൾ ചെവിക്കൊള്ളാതെ അവഗണിക്കുന്നവരെ നോക്കാതെ അവൾ മുന്നോട്ടു പോയി .മുന്നോട്ട് പോകുംതോറും തടസങ്ങൾ ഒന്നൊന്നായി അവൾക്കു നേരെ വന്നു കൊണ്ടിരുന്നു.

തടസ്സങ്ങളെ ധൈര്യമായി നേരിട്ടു കഠിന അധ്വാനത്തിലൂടെ അവൾ എന്താണോ ആഗ്രഹിച്ചത് അത് നേടി. അവൾ ഒരു ഡോക്ടർ ആയി. നമ്മൾക്ക് ജീവിതത്തിൽ എന്തെങ്കിലു ഒരു ലക്ഷ്യം ഉണ്ടായിരിക്കണം. അതിനു വേണ്ടി കഠിന അധ്വാനംചെയ്യാൻ തയാറാണെകിൽ ആ ലക്ഷ്യത്തിൽ നമ്മൾ തീർച്ചയായും എത്തി ചേർന്നിരിക്കും....അവൾ മുന്നോട്ടു പോയി .മുന്നോട്ട് പോകുംതോറും തടസങ്ങൾ ഒന്നൊന്നായി അവൾക്കു നേരെ വന്നു കൊണ്ടിരുന്നു. തടസ്സങ്ങളെ ധൈര്യമായി നേരിട്ടു കഠിന അധ്വാനത്തിലൂടെ അവൾ എന്താണോ ആഗ്രഹിച്ചത് അത് നേടി. അവൾ ഒരു ഡോക്ടർ ആയി. നമ്മൾക്ക് ജീവിതത്തിൽ എന്തെങ്കിലു ഒരു ലക്ഷ്യം ഉണ്ടായിരിക്കണം. അതിനു വേണ്ടി കഠിന അധ്വാനംചെയ്യാൻ തയാറാണെകിൽ ആ ലക്ഷ്യത്തിൽ നമ്മൾ തീർച്ചയായും എത്തിചേർന്നിരിക്കും..

റൈഹാന

# സഹായം

ഒരിടത്തു ഒരു ആൺകുട്ടി ഉണ്ടായിരുന്നു.ജോണി എന്നായിരുന്നു അവന്റെ പേര്. അവനു അച്ഛൻ ഇല്ലായിരുന്നു. അമ്മ മാത്രമേ സ്വന്തം എന്ന് പറയാൻ ഉണ്ടായിരുന്നുള്ളൂ. വീട്ടുജോലി ചെയ്താണ് അമ്മ അവനെ വളർത്തിയിരുന്നത്.അമ്മ എന്നും രാവിലെ എഴുന്നേറ്റ് ജോണിക് വേണ്ട ആഹാരം തയ്യാറാക്കി വെച്ച് വീടുകളിൽ ജോലിക് പോകും. നാലഞ്ചു വീട്ടിലെ ജോലികൾ ചെയ്തു സന്ധ്യ ആകാറാകുമ്പോൾ തിരിച്ചു വീട്ടിൽ വരും. അപ്പോഴേക്കും ജോണി രാവിലെ സ്കൂളിൽ പോയി വൈകുന്നേരം വീട്ടിൽ എത്തി അവന്റ ഹോം വർക്ക് തീർത്തിരിക്കും. അമ്മ എത്തുമ്പോൾ ജോലിചെയ്ത വീട്ടിൽ നിന്നും കിട്ടിയ ഭക്ഷണം ജോണിക് കൊണ്ട് കൊടുക്കും. എന്നും ഇങ്ങനെ ആണ് ദിവസവും കടന്ന് പോയത്. എന്നാൽ ഒരു ദിവസം രാവിലെ നേരത്തെ അവൻ ഉറക്കം എഴുന്നേറ്റു. അമ്മ ധൃതിയിൽ വീട്ടിലെ എല്ലാ ജോലിയും ചെയ്തു ജോണിക് വേണ്ടി ആഹാരവും എടുത്തു വെച്ചിട്ട് വീട്ടുജോലിക്കു വേണ്ടി ഓടിപോയി.

ഇതെല്ലാം ഉണർന്നു കണ്ടു കൊണ്ട് ഇരുന്ന ജോണിക് സങ്കടം തോന്നി. ഇനി മുതൽ ഞാനും അമ്മയെ സഹായിക്കും. ജോണി തീരുമാനിച്ചു. അന്ന് മുതൽ അവൻ എന്നും രാവിലെ എഴുന്നേറ്റു അമ്മയെ സഹായിച്ചു. സ്കൂളിൽ നിന്ന് വന്നതിന് ശേഷം അമ്മ വരുന്നത്  വരെ തൊട്ട് അടുത്തുള്ള ഒരു ബ്രെഡ് പാക്കിങ് കമ്പനിയിൽ സഹായി ആയി പോകും. ഒരു ചെറിയ വരുമാനം ഉണ്ടാക്കി അമ്മയെ സഹായിച്ചു. രാത്രി കുറച്ചു വൈകി വരെ പഠിക്കുകയും ചെയ്യും.

**ഫാത്തിമ സമീർ**

# കൂട്ടുകാരൻ

കാറ്റിനോട് കഥ മെനഞ്ഞും
കടലിനോട് കളി പറഞ്ഞും
കാടായ കാടെല്ലാം, മേടായ മേടെല്ലാം
കണ്ണാരം പൊതികളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കിളിക്കൂട്ടിലെന്നെ
കുളിരറിയാതെ
കവിൾ ചേർത്തുറുക്കിയും
കനിവിന്റെ കനിവാ,മെന്റെ
കരളിന്റെ കരളായ
കളികൂട്ടുകാരൻ
കൂട്ടുകൂടാനായെന്റ
കൂടു തേടിയണഞ്ഞൊരു
കുഞ്ഞാറ്റ കിളി

**ദേവികനാരായണൻ . വി**

# റിയാലിറ്റി vs ഡിജിറ്റൽ

എന്താണ് ഇവിടെ സംഭവിക്കുന്നത് ? എനിക്ക് ചുറ്റും എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ? എല്ലാം ഒരു മാന്ത്രികത പോലെ തോന്നുന്നു. തറയിൽ തൊട്ടുതൊടാതെ പോകുന്ന കാറുകൾ . ശബ്ദവേഗതയിൽ സഞ്ചരിക്കുന്ന ട്രെയിനുകൾ . കൂറ്റൻ വെളുത്ത കെട്ടിടങ്ങൾ. എങ്ങും റോബോട്ട് നായകൾ .അവൻ അവിടം മുഴുവനും സൂക്ഷ്മതയോടെ നോക്കി നിന്നു. പെട്ടെന്ന് ഒരു വാഹനം വന്ന് അവനെ ഇടിച്ചു വീഴ്ത്തി . ജെഫ് ഉറക്കത്തിൽ നിന്നും ചാടിയെണീറ്റു. അവൻ തന്റെ നെറ്റിയിലെ വിയർപ്പുതുള്ളികൾ വിരലുകളാൽ തുടച്ചെടുത്തു . നേരം പുലർന്നിരിക്കുന്നു ഒരു ദീർഘനിശ്വാസത്തോടെ കട്ടിലിൽ നിന്ന് എഴുന്നേറ്റ് ചാർജ് ചെയ്യാൻ വച്ചിരുന്ന തന്റെ വി.ആർ. ഹെഡ്ഫോൺ എടുത്തു വച്ചു. അപ്പോഴാണ് ജെഫിന് ഓർമ്മ വന്നത്. ഇന്ന് കണ്ട സ്വപ്നമല്ലേ ഞാൻ ഇന്നലെയും കണ്ടത് . ഇതേ കാര്യങ്ങളല്ലേ തലേന്നും കണ്ടത് , അപ്പോഴാണ് അവൻ മനസ്സിലാക്കുന്നത് താൻ യാഥാർത്ഥ്യത്തെ വെല്ലുന്ന ഡിജിറ്റൽ ലോകത്ത് അകപ്പെട്ടിരിക്കുകയാണെന്ന് .

**അക്ഷിത് . എ**

# അമ്മ മലയാളം

അമ്മിഞ്ഞപ്പാലിൻ ഒപ്പം പകരുന്ന വെളിച്ചം ഹരിശ്രീ കുറിച്ച നാൾ മുതൽ പഠിപ്പിച്ച സംസ്കാരം . അമ്മയുടെ മടിത്തട്ടിൽ നിന്നും കേട്ട കഥകളിൽ വളരുന്ന ബാല്യം .പിന്നീടുള്ള ചിന്തകളിലും എഴുത്തിലും പെറ്റമ്മ യോടൊപ്പം വിളക്കിച്ചേർത്ത നമ്മുടെ മാതൃഭാഷ മലയാളം . മലയാള ഭാഷ എന്ന് പറയുന്നത് അമ്മയോളം സ്നേഹം മാത്രം രാജ്യത്തോളം അഭിമാനം.

**സൗരവ് സന്തോഷ്**

# ഉറൂബ്

യൗവനം നശിക്കാത്തവൻ എന്നർത്ഥമുള്ള അറബിവാക്കായ "ഉറൂബ്" എന്ന തൂലികാനാമത്തിൽ പ്രശസ്തനായ ശ്രീ.പി.സി. കുട്ടികൃഷ്ണന്റെ ചരമദിനം ജൂലൈ 10. 1952-ൽ ആകാശവാണിയിൽ ജോലിനോക്കവേ സഹപ്രവർത്തകനും സംഗീതസംവിധായകനുമായ കെ. രാഘവനെ കുറിച്ച് ഒരു ലേഖനം മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കുമ്പോഴാണ് "ഉറൂബ്" എന്ന തൂലികാനാമം ആദ്യമായി സ്വീകരിച്ചത്.സ്ത്രീ എന്താണെന്നും എന്തല്ലെന്നും വ്യക്തമായി



തന്റെ രചനകളിലൂടെ കാണിച്ചു തന്ന എഴുത്തുകാരൻ... സ്ത്രീ കഥാപാത്രങ്ങളുടെ വൈവിധ്യത്താൽ സമ്പന്നമാണ് ഉറൂബ് സാഹിത്യം. സ്ത്രീ മനസ്സിന്റെ ബാഹ്യവും ആന്തരികവുമായ സൗന്ദര്യവും , വികാരവിചാര സൂക്ഷ്മഭാവങ്ങളും ഭംഗിയോടെ തന്നെ അദ്ദേഹത്തിന്റെ കഥകളിൽ കാണാം...

ഞാൻ വായിച്ച അദ്ദേഹത്തിന്റെ ആദ്യ കൃതി "സുന്ദരികളും സുന്ദരൻമാരുമാണ് "... സൗന്ദര്യത്തിന് മനുഷ്യ മനസ്സിൽ വലിയ സ്ഥാനം തന്നെ ഉണ്ട്... എന്നാൽ ഒന്നു വായിക്കാം എന്ന് കരുതിയാണ് വായിച്ചത്...പ്രകൃതിയിലെ ഓരോ ജീവജാലങ്ങളേയും നിരീക്ഷിച്ച് കൊണ്ട് കഥ പറയുന്നതോടൊപ്പം കാഴ്ചയുടെ ഭാവനാ ലോകത്തിലേക്ക് വായനക്കാരനെ നയിക്കുകയും ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ ഓരോ രചനകളും .മലബാർ കലാപം നടന്നതിനു ശേഷമുള്ള കാലഘട്ടത്തിലെ മൂന്ന് തലമുറകളിലെ കഥാപാത്രങ്ങളെക്കുറിച്ചാണ് ഈ നോവലിൽ പറയുന്നത്.1960ൽ നോവലിനുള്ള കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ഈ കൃതിയ്ക്ക് ലഭിച്ചു. 1954ൽ മാതൃഭൂമി വാരികയിലാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്.പിന്നീട് സുശീല മിശ്ര ഈ കൃതിയെ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുകയുണ്ടായി എന്നും എവിടെയോ വായിച്ചിട്ടുണ്ട്...

ഈയിടെ വായിച്ച "ഉമ്മാച്ചു " എന്നെ വല്ലാതെ ആകർഷിച്ച മറ്റൊരു രചനയാണ്..." നീണ്ട മൂക്കും വിടർന്ന കണ്ണും കറുത്ത പുരികങ്ങളും ഇടത്തെ കൺപുരികത്തിന്റെ അറ്റത്ത് ഒരു കറുത്ത പാലുണ്ണിയും എല്ലാം കൂടി അവനെ സുന്ദരനാക്കി ." ഉമ്മാച്ചു, മായൻ, ബീരാൻ എന്നീ മൂന്നു കുട്ടികളുടെ കളിയും ചിരിയും നിറഞ്ഞ ബാല്യകാലത്തിലൂടെയാണ് ഉമ്മാച്ചുവിൻറെതുടക്കം. അത്തറലിയുടെ മകളായ ഉമ്മാച്ചുവിന് ഇഷ്ടം ആരോഗ്യമുള്ള മായനെ ആയിരുന്നു. അവർ സ്നേഹം

പങ്കുവയ്ക്കുകയും ചെയ്യു. പക്ഷെ, ഇഷ്ടമില്ലാത്ത ബീരാനെ വരിക്കാനായിരുന്നു ഉമ്മാച്ചുവിൻറെ വിധി. രാഗവും, വിദ്വേഷവും കലർന്ന വിവിധ വികാരങ്ങൾ കീഴ്പെടുത്തിയ സാധാരണ മനുഷ്യരുടെ സത്യസന്ധമായ ജീവിതത്തിന്റെ ആവിഷ്കരണമാണ് ഉറൂബിന്റെ ഉമ്മാച്ചു. വ്യക്തിയുടെ അഭിലാഷവും സാമൂഹികനീതിയും തമ്മിലുള്ള ഒരു സംഘർഷം, ഏറനാടൻ സാമൂഹികപശ്ചാത്തലത്തിൽ ഉറൂബ് ഈ കൃതിയിൽ വരച്ചുക്കാട്ടുന്നു. കാമിനി മൂലമുണ്ടായ കലഹങ്ങളുടെ കഥയാണ് ഈ നോവൽ. ആൺ പെൺ സൗഹൃദത്തെ ഇന്നും വലിയ തെറ്റായി കാണുന്ന സമൂഹത്തിന് വ്യക്തമായ മ സംഭാഷണം തുറന്ന സൗഹൃദത്തെ കാണിക്കുന്നു... ബീരാന്റെ മരണത്തെ കുറിച്ചുള്ള കാര്യങ്ങൾ ചാപ്പുണ്ണി നായർ മനസിലാക്കുമ്പോൾ " ഇങ്ങളെ വേറിട്ടൊരു ആളായിറ്റ് ഞമ്മള് കണക്കാക്കീട്ടില്ല" എന്ന ഈ ഭാഗം ആത്മബന്ധത്തെ കുറിക്കുന്നു. സമത്വം നിറയുന്ന ബന്ധമാണ്  സൗഹൃദം... ഒരു കാര്യസ്ഥനും വീട്ടമ്മയും തമ്മിലുള്ള ബന്ധത്തിനപ്പുറത്തെ സൗഹൃദമായിരുന്നു അത്.. " ഉമ്മാച്ചുവിന്റെ ആജീവനാന്ത സുഹൃത്ത് " എന്ന് അയ്യപ്പപ്പണിക്കർ ചാപ്പുണ്ണി നായരെ വിശേഷിപ്പിച്ചിട്ടുണ്ട് .രണ്ട് തലമുറകളുടെ കഥയാണ് ഉമ്മാച്ചുവിലെ പ്രതിപാദ്യം. അത് ആ കാലഘട്ടത്തിൻറെ കഥയാണ്. അക്കാലത്ത് മുസ്ലീം  സ്ത്രീകൾ അനുഭവിച്ചിരുന്ന ജീവിതാനുഭവങ്ങളുടെ കഥയാണ്

1971ൽ ഈ നോവലിനെ അടിസ്ഥാനമാക്കി ഇതേ പേരിൽ ഒരു മലയാള ചലച്ചിത്രം പുറത്തിറങ്ങി. ശ്രീ.പി. ഭാസ്കരൻ ആണ് ചിത്രം സംവിധാനം ചെയ്തത്. ശ്രീ.മധു, ശ്രീ.ഷീല തുടങ്ങിയവരാണ് മുഖ്യവേഷത്തിൽ അഭിനയിച്ചത്.മനുഷ്യൻറെ മനോ വ്യാപാരങ്ങളെയും ചിന്തകളെയും അതിൻറെ അടിത്തട്ടിൽ കിടക്കുന്ന ശക്തമായ വിചാരങ്ങളെയും "ഉറൂബ് " എന്ന എഴുത്തുകാരൻ തൊട്ടറിയുന്നു. പൊന്നാനിയിലോ മലപ്പുറത്തോ ഉള്ള സാധാരണക്കാരനായ മനുഷ്യ കഥകളിലൂടെ ലോക നിലവാരത്തിലേക്കുയരാൻ അദ്ദേഹത്തിനായി. ഭാഷയുടെ ഹൃദ്യതയാണ് ഉറൂബിൻറെ മറ്റൊരു സവിശേഷത. "ഉമ്മാച്ചു "വിലെ " പൂ നിറഞ്ഞ മുൾച്ചെടി ", " ചിതൽ തിന്നുന്ന വാളും ", "കൊത്തിയാട്ടിയ കോഴി " എന്നിവ വായനക്കാരനിൽ അനേകം അർത്ഥ തലങ്ങൾ നൽകുന്ന ബിംബ കല്പനകൾ ആണെന്ന് തോന്നി.... പുതിയ എഴുത്തുകാർക്ക് ഉറൂബിൻറെ ഉമ്മാച്ചുവിലെ രചനാ ശൈലിയിൽ നിന്ന് വളരെയേറെ പഠിക്കാനുണ്ടെന്ന തോന്നലും വായനക്ക് ശേഷം ഉണ്ടായി..... മഹാപ്രതിഭയ്ക്ക് പ്രണാമം

**ഡോ: വീണ .സി. എസ്**

# പേക്കിനാവ്

അർഥമില്ലാത്ത വാക്കുകൾ കൊണ്ടു നീ

സ്വസ്ഥ ജീവിതക്കാഴ്ച തകർത്തവൻ

വ്യർത്ഥ ചിന്തതൻ മഞ്ഞിനാലെന്നിലെ

ചില്ലുജാലകക്കാഴ്ച മറച്ചവൻ.

വിഫല യാത്രകൾ, വിഡ്ഢിച്ചിരികളും

വിഗതഭാഷണം ജീവപഥങ്ങളും

നിന്റെ വാക്കിന്റെ പിന്നാമ്പുറങ്ങളിൽ

എന്റെ നഷ്ടങ്ങൾ നീയറിഞ്ഞീടുമോ?

നിധി ഷാജി

# ചങ്ങാതി

ഒരിടത്ത് ഒരു അണ്ണാനും മുയലും ഉണ്ടായിരുന്നു .അവർ ആത്മാർത്ഥ സുഹൃത്തുകൾ ആയിരുന്നു . അവർ എന്നും ഒരുമിച്ചാണ് ഇരതേടി പോകുന്നത്. ഒരാൾക്ക് കിട്ടുന്ന ഭക്ഷണ സാധനങ്ങൾ അവർ പകുത്തെടുത്തു കഴിക്കുമായിരുനു . അങ്ങനെ അവരുടെ സൗഹൃദം ഒരുവിധം സമാധാനത്തിലും സംതൃപ്തിയിലും കഴിയുകയായിരുന്നു .പെട്ടെന്നായിരുന്നു മുയലിനു ഒരു അപകടം സംഭവിച്ചത് . ഒരു വേട്ടക്കാരൻ മുയലിനെ പിടിച്ചു കൊണ്ട് പോയി .പിന്നീട് ആമുയലിനെ ആരും കണ്ടിട്ടില്ലാ . ചങ്ങാതിയെ നഷ്ടപ്പെട്ട വിഷമത്തിൽ അണ്ണാൻകുഞ്ഞിന്റേ ജീവിതവും അവിടെ അവസാനിച്ചു .

ഫർസാന. എസ്

# ലോകം

അമ്മയുടെ ചൂടിനപ്പുറത്ത്
മറ്റൊരു ലോകം ഇതൾ വിരിയുന്നു
ആരുമറിയാതിരിക്കട്ടെ
ഈ മരുലോകമെന്നു
കരുതുമ്പോഴും.. കൂടുതൽ
പാഴ് ജന്മങ്ങൾ.
ഇവിടെ പുഴുക്കളെ പോലെ..
ആരും ആർക്കും സ്നേഹം
വിളമ്പാത്ത മറ്റൊരു മായാലോകം

**അശ്വന .എസ്**

# വൃക്ഷങ്ങൾക്കും പറയാനുണ്ട്



ഇലകൾ പൊഴിഞ്ഞുണങ്ങിയ എൻ
ശിഖരങ്ങളെ മാത്രം കണ്ടു നിങ്ങൾ ........
ഒരു നാൾ നിനക്കേകി എൻ മധുരമാം
കനിയും പ്രാണനാം വായുവും ഏറെ.....
ഇനിയും വരും വസന്തം വരും...
ഇലകളാൽ എന്നെ പൊതിയും
പൂക്കളാൽ എന്നെ മൂടും...
സന്ധ്യകളിൽ കൂട്ടായി ചില പക്ഷികളും...
അന്ന് നിങ്ങൾ അറിയും എൻ തണലും
തണുപ്പും.......

ശ്രീഹരി .ബി

# ക്യാമറ



ഒറ്റ കണ്ണാ... നിന്നെ കാണാൻ
ചന്തം തീരെ ഇല്ലേലും
നീ കാണിക്കും വികൃതികൽക്കെന്തേ
ചന്തം കൊണ്ടു നിറയുന്നേ
നീ പകർത്തിയ ചന്തങ്ങ
എന്നും സ്പന്ദനങ്ങളായി മാറുന്നു
ഓർമകളിൽ ഇന്നും എന്നും
നീയും ഒരു ഭാഗമാകുന്നു
ജീവിതമേ ഒരു ക്യാമറയാകുന്ന
നിമിഷം ഞാനീ...
ഭൂമിയിൽ നിന്നും അടരുന്നു

അനുരാഗ്. എ

# തേങ്ങ

വലിയവീട്ടിൽ ദേവസ്യ ഒരു ദിവസം തെങ്ങിൻചോട്ടിലിരുന്ന് മുറുക്കുകയായിരുന്നു. പെട്ടെന്ന് ഒരു വലിയ തേങ്ങ താഴേക്ക് വീണു. അയൽക്കാരനായ നാരായണപിള്ള ഈ കാഴ്ചകണ്ടു.അദ്ദേഹം ശരീരം തരിച്ച് നിന്നുപോയി. തേങ്ങ ദേവസ്യയുടെ നിറുകൻ തലയിൽത്തന്നെ വീണു. ദേവസ്യ പിന്നിലേക്ക് മറിഞ്ഞു. അയാൾ മരിച്ചെന്നു തന്നെ നാരായണപിള്ള കരുതി. അൽഭുതം എന്ന് മാത്രമേ പറയാൻ പറ്റൂ. ദേവസ്യക്കല്ല, തേങ്ങക്കാണ് അപകടം പറ്റിയത്. അത് നാരോടെ പൊട്ടിക്കീറി അടുത്തുള്ള കുളത്തിൽ തെറിച്ചു വീണു. ഓടി എത്തിയ നാരായണപിള്ളയെ കണ്ടപ്പോൾ ദേവസ്യക്കു ചിരിക്കാനാണ് തോന്നിയത്. ഇത്രവലിയൊരു തേങ്ങ ഉയരത്തിൽനിന്നു വീണിട്ടും താൻ മരിച്ചില്ലല്ലോ എന്നോർത്തപ്പോൾ അയാൾക്ക് ചിരി അടക്കാൻ കഴിഞ്ഞില്ല. നാരായണപിള്ളയെ നോക്കി ദേവസ്യ ചിരിച്ചു. കുളത്തിൽ നോക്കിയും തെങ്ങിൻമണ്ടയിൽ നോക്കിയും കുടുകുടെ ചിരിച്ചു. മലർന്നുകിടന്നും വയറിനു കൈ ചേർത്തും അയാൾ ചിരിച്ചു. ചിരിച്ചുചിരിച്ചു ചിരിയടക്കാൻ കഴിയാതെ അവസാനം ശ്വാസംമുട്ടി ദേവസ്യ മരിച്ചു.

**അശ്വന .എസ്**

# ജീവിതസന്ധ്യ

ഒരിടത്ത് ഒരു അച്ഛനും അമ്മയും രണ്ട്മക്കളും ഉള്ള ഒരു സന്തുഷ്ട് കുടുംബം താമസിച്ചിരുന്നു. അവരുടെ അച്ഛൻ ഗൾഫിലായിരുന്നു. ആ അമ്മക്കും മക്കൾക്കും പൈസ അയിച്ചുകൊടുത്തിരുന്നു. ഒരുപാട് സന്തോഷത്തോടെയാണ് അവർ ജീവിച്ചിരുന്നത്. ഒരിക്കൽ അവരുടെ അച്ഛൻ ഗൾഫിൽ നിന്ന് വന്നു. അവരുടെ കൂടെ കുറേ ദിവസം കഴിഞ്ഞു. ഒരു ദിവസം അവരുടെ അച്ഛൻ അവരുടെ അടുത്ത് പറഞ്ഞു വയറുവേദനിക്കു എന്ന് .അപ്പോൾ അത് കാര്യം ആകിയില്ല. രാത്രിയായപ്പോൾ അസുഖം കൂടി  അങ്ങനെ ആശുപത്രിയിൽ കൊണ്ടുപോയി. അവർ ആശുപത്രിയിൽ 2ദിവസം കിടത്തി. പക്ഷേ അവർക്ക് രക്ഷപെടുത്താൻ പറ്റിയില്ല. അപ്പോൾ ആ അമ്മക്കും മക്കൾക്കും ഉണ്ടായ വേദന ആർക്കും മാറ്റാൻ പറ്റിയില്ല. അവർക്ക് വിശ്വസിക്കാൻ പോലും പറ്റാത്തതായിരുന്നു ആ മക്കൾക്ക് ഉണ്ടായ വേദന. ഇപ്പോൾ ആ മക്കളും അമ്മയും ജീവിതപ്രശ്നങ്ങൾ തരണം ചെയ്യുകയാണ്

**ഭാഗ്യലക്ഷ്മി . ബി. എൽ**

# അനാഥ

ചിറകുള്ള പക്ഷി നീ...
ചിറകു വെന്തു കരിഞ്ഞ  മനുഷ്യൻ ഞാൻ
താങ്ങില്ല തണലില്ല എനിക്കന്നുമിന്നും
കാറ്റിലാടുന്ന പുഷ്പമേ..
കാറ്റിൽ പൊഴിയുന്ന ദളമാണു ഞാൻ
ജീവനില്ലെനിക്ക് ശ്വാസമില്ല
അനുജനില്ല അനുജത്തിയില്ല
ചേട്ടനില്ല ചേച്ചിയില്ലാ..
ജീവിതമാകെ മടുത്തുപോയി..

അനാഥയാണഞാനെപ്പോഴുമെവിടെയും
എന്നുമിന്നും    അനാഥയാണ്
ഞാനെപ്പോഴുമെവിടെയുമെന്നുമിന്നും

അമ്മയാരെന്നറിയില്ലെനിക്ക്
അച്ഛനാരെന്നറിയില്ലെനിക്ക്
ശാപമാണെന്റെ ജീവിതമെന്നുമിന്നും
ശാപമാണെന്റെ ജീവിതമെന്നുമിന്നും
ജീവിതമെന്നുമിന്നും
എന്നുമിന്നും

**അൽഫിയ ഫസിൽ**

# എന്റെ ഒറ്റയ്ക്കുള്ള യാത്രകൾ

മനസ്സ് അസ്വസ്ഥമാകുമ്പോൾ
അറിയാത്ത സ്ഥലങ്ങളിലൂടെ
സമയബോധമില്ലാതെ
ലക്ഷ്യബോധമില്ലാതെ ഒറ്റയ്ക്കു നടക്കണം.

ഓരോ ചുവടുവെയ്ക്കുമ്പോഴും
ഉള്ളിലെ വേവുകളുടെ
നീറ്റൽകൊണ്ടു ഞരമ്പുകൾ
വലിഞ്ഞുമുറുകണം.

ചുറ്റിലുമുള്ള കാഴ്ചകൾ കാണാനാകാതെ
കണ്ണുകളിൽനിന്നു ദുഃഖം നിറഞ്ഞൊഴുകണം.
വേദന സഹിച്ചുസഹിച്ചു ശരീരവും മനസ്സും തമ്മിൽ
മത്സരിച്ചു രസിക്കണം.

ഉള്ളം പൊള്ളുന്ന ചൂടും
പുറത്തെ മീനവെയിൽചൂടും
പരസ്പരം കെട്ടുപിണയണം.

നടന്നുനടന്നു തളരുമ്പോൾ
മനസ്സിന്റെ ആന്തലും ശരീരത്തിന്റെ
വിറയലും ചേർന്നെന്നെ കീഴ്പ്പെടുത്തണം.

വേദനയുടെയും ഒറ്റപ്പെടലിന്റെയും
തീവ്രമായോരൊറ്റ നിമിഷത്തിൽ
മാത്രം സ്വായത്തമാകുന്ന സുഖത്തിൽ
അലിഞ്ഞലിഞ്ഞാനന്ദം നുകരണം.

**ശാരിക . എസ്**

# മൊബൈൽ ഫോൺ

നിരത്തുവക്കിലൂടെ മുന്നോട്ടും പിന്നോട്ടും ഉലാത്തുകയാണ് ചെറുപ്പക്കാരൻ. വലതു കരം പോക്കറ്റിൽ. ഇടതു കൈ ചെവിക്കരികിൽ. ചോദ്യങ്ങൾ... ഉത്തരങ്ങൾ... നിർദ്ദേശങ്ങൾ... പരിഭവം... പരിഹാസം... അങ്ങനെ പോകുന്നു. എല്ലാം കൗതുകത്തോടെ നോക്കിനിന്നു പാറുവമ്മ.

പട്ടണത്തിലെ പേരുകേട്ട ആശുപത്രിയിൽ കടിഞ്ഞൂൽ പ്രസവത്തിന് വന്ന മരുമകളെക്കാണാൻ നാട്ടിലെ ഓണംകേറാമൂലയിൽ നിന്നെത്തിയ പാറുവമ്മ. അപൂർവ്വമായി മാത്രം പട്ടണത്തിൽ വന്നിട്ടുള്ള പാറുവമ്മ. വഴിയിലുടനീളം കണ്ട കാഴ്ചകൾ അവരുടെ മനോമുകുരത്തിൽ തെളിഞ്ഞു വന്നു. ബസിലെ സീറ്റിൽ തൊട്ടരികിരുന്ന് ആരോടോ പതിഞ്ഞസ്വരത്തിൽ മൊബൈൽഫോണിലൂടെ കൊഞ്ചുന്ന പെൺകുട്ടി. ബസ്സിലെ കമ്പിയിൽ ചാരി നിന്ന മധ്യവയസ്കൻ. മൊബൈൽ ഫോൺ എത്തിച്ച, ആകുലപ്പെടുന്ന എന്തോ

വാർത്തകേട്ട് നെറ്റിയിൽ ചുളിവുകൾ വീണ അയാളുടെ മുഖം. തൊട്ടു മുന്നിലെ സീറ്റിൽ നിന്ന കേട്ട പൊട്ടിച്ചിരി റിങ്ടോൺ. കോളേജ് കുമാരന്റെ കൈയിലെ മൊബൈലിൽ കുഞ്ഞിന്റെ കരച്ചിൽ. നിരത്തിലൂടെ ചീറിപ്പാഞ്ഞു പോകുന്ന വാഹനങ്ങൾ. ബസ്സിനുള്ളിലേയും നഗരത്തിലേയും തിക്കിത്തിരക്കിനിടയിൽ ആളുകൾ സ്വയം സൃഷ്ടിക്കുന്ന സ്വകാര്യ ലോകത്തെക്കുറിച്ചുള്ള ചിന്തയിൽ പാറുവമ്മയ്ക്കും അല്പം സ്വകാര്യ നിമിഷങ്ങൾ

ഒരലർച്ച...ഞെട്ടിത്തിരിഞ്ഞുനോക്കിയപ്പോൾ...ചോര യിൽ കുളിച്ചുകിടക്കുന്ന ചെറുപ്പക്കാരൻ... ഒരു ജഡമായി... ചെവിയ്ക്കരികിൽ പിടിച്ചിരിക്കുന്ന ഇടതുകൈയിൽ അപ്പോഴും മൊബൈൽഫോൺ... പരലോകം വരെ റേഞ്ചുള്ളത്

**രജനി, അവനവഞ്ചേരി**

# ചെമ്പരത്തി



നിത്യവും വേലിയ്ക്കലൂടെത്തിനോക്കി
കടക്കണ്ണുകൾ കൊണ്ട് കിന്നാരം ചൊല്ലും
ചെമ്പട്ട് പോലെ ചോന്ന് തുടിക്കും
സുന്ദരീ നീയാര് , ചൊല്ലുക മെല്ലെ .
പലാശപുഷ്പസമം ചെഞ്ചുവപ്പാർന്നൊരാ
അർക്കന്റെ  കാമുകിയോ ?
നിത്യവും ദേവനെ പൂജ ചെയ്യീടുവാനൊ-
രർച്ചനാപുഷ്പമായ് മാറിയോ സ്വയം .
പൂക്കളിൽ ചക്രവർത്തിനി നീയെൻ
മനോരഥത്തിൽ വിരുന്നിനെത്തുന്ന നേരം
ചുവന്നു തുടുത്തൊരു ചെന്താമര പോലെന്നുള്ളവും
മറ്റൊരു പൂജാപുഷ്പമായ് മാറി.
ആരും ചൂടാപുഷ്പമാണെന്നാകിലും

രാഗ പരവശരായോ മനവും നിന്നുള്ളം പോൽ
തുടിക്കുന്നു, ചോരയിറ്റിടുന്നു.
മണമില്ലെന്നാകിലും മധുവുണ്ണാനെത്തും
മലർമണം വിതറുന്ന കാർവണ്ടുകളെപ്പോഴും
പകൽ വെളിച്ചത്തിൽ പകലോനെപ്പോൽ തിളങ്ങിടുന്നു
പ്രൗഢയായൊരു നവോഢയെപ്പോലവൾ,
രാജശിൽപ്പിയാമൊരുവന്റെ കരവിരുതിൽ
വിരിഞ്ഞ മാണിക്യക്കല്ലുപോല.
ചെമ്പട്ടിൻ ചേലുള്ള നാട്ടു പെണ്ണേ
നീയല്ലേയെൻ പ്രിയസഖി ചെമ്പരത്തി.

വീണ .സി .എസ്

# പ്രാർത്ഥന

വിശ്വാസിയേയോ

അവിശ്വാസിയേയോ

ദൈവത്തിനിഷ്ടം?

സംശയം വേണ്ട

അവിശ്വാസിയെത്തന്നെ.

പ്രാർത്ഥന ഭയക്കാതെ

ദൈവത്തിനു

പദ്ധതികൾ നടപ്പാക്കാമല്ലോ .

എം . ആർ. മധു




മാനത്തൊരു കാർമേഘം
ആഹാ മഴയിന്ന് വരവുണ്ടേ
മാനത്തൊരു കാർമേഘം
ആഹാ മഴയിന്ന് വരവുണ്ടേ
തുള്ളി തുള്ളി പെയ്യും മഴയത്തു
പാറിനടക്കാൻ രസമാണ്
മാനത്തോരു കാർമേഘം
ആഹാ മഴയിന്ന് വരവുണ്ടെ
ചേമ്പില കുടയൊന്ന് ചൂടിടാം
പാടവരമ്പത്ത് കളിച്ചീടാം
തുള്ളിക്കൊരു കുടം പെയ്യണ
മഴയത്ത് കളിവള്ളങ്ങൾ ഒഴുക്കീടാം
അയ്യോ സൂര്യൻ വരുന്നുണ്ടേ
മാനത്തയ്യാ മഴവില്ല്
മാനത്തയ്യാ മഴവില്ല്

വൈഗപ്രതീപ് .ആർ

# സൈബർ ഫയൽസ്

വടക്കെ പത്തനംതിട്ടയിലെ പെരുംപെട്ടി എന്ന ചെറിയ ഗ്രാമം അവിടത്തെ എസ്ഐ ആയിരുന്നു മോഹൻ .അയാളുടെ മകൻ ജയ്. പഠിക്കാനും അതുപോലെ തന്നെ കലാകായികമായ അഭ്യാസതിലും മിടുക്കനാണ്.



ആയിട ക്കാണ്
അവന്റെ അച്ഛൻ
അവൻ കമ്പ്യൂട്ടർ
വാങ്ങി
ക്കൊടു ത്തത് .
അവന്റെ അച്ഛൻ
പോലീസ് ആയത്
കൊണ്ടാ യിരിക്കാം

അവൻ ഒരു തെറ്റും ചെയ്യാത്ത ഒരു മനുഷ്യനായി തീരണം എന്നായിരുന്നു അച്ഛൻറ ആഗ്രഹം .പക്ഷേ അയാളുടെ മകൻ വലിയ ഒരു തെറ്റിലേക്കാണ് പോകുന്നതെന്ന് അയാൾക്ക് അറിയില്ലായിരുന്നു.

അവൻ കമ്പ്യൂട്ടർ വഴി മറ്റുള്ളവരെ ബാങ്കിൽ നിന്നും പൈസ ഹാക്ക് ചെയ്യാറുണ്ടായിരുന്നു.അങ്ങനെ അവൻ കുറെ പൈസ ഉണ്ടാക്കി പക്ഷേ അവന്റെ അച്ഛനും അമ്മയ്ക്കും ഈ കാര്യം അറിയില്ലായിരുന്നു. പക്ഷേ ഒരു കള്ളവും അധികകാലംനിലനിൽക്കില്ലായിരുന്നു. അങ്ങനെ അവന്റെ അച്ഛൻ ഒരു ദിവസം അവന്റെ ആ കള്ളത്തരം പിടികൂടി .പക്ഷേ ആ കള്ളത്തരം അറിഞ്ഞതിനുശേഷം അവന്റെ അച്ഛൻ ലോകത്ത് കൂടുതൽ നേരം നിൽക്കാനായില്ല.അങ്ങനെ അവന്റെ അച്ഛൻ ഈ ലോകത്തോട് വിട പറഞ്ഞു പക്ഷേ ആ സങ്കടംഅവന് താങ്ങാൻ ആയില്ല .ആ സംഭവത്താൽ അവൻ മാനസികവിഭ്രാന്തിയിലേക്ക് പോയി.

ഇതുപോലെ സ്വന്തം കുടുംബത്തിലെ സമാധാനവും ജീവിതം നഷ്ടപ്പെടുന്ന കുറേ അധികം സംഭവങ്ങൾ നമുക്കിടയിൽ നടക്കുന്നു.മൊബൈൽ ഫോണിന്റെയും കമ്പ്യൂട്ടറിന്റെയും ദുരുപയോഗത്തിൽ നിരവധി കുടുംബങ്ങൾ നശിക്കുന്നു.ഇനിയെങ്കിലും നമ്മൾ അല്ലെങ്കിൽ നമ്മൾ അറിയുന്നവർ ഇങ്ങനെ ചെയ്യുന്നെങ്കിൽ അവരെ ഇതിൽ നിന്നുംപിന്മാറിപ്പിക്കുക

സൈബർ ക്രൈംസ് അതൊരു തെറ്റും കുറ്റവുമാണ്.......

**AKZOAN VICTOR**

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റേഴ്സ്

പ്രതീപ് ചന്ദ്രൻ ആർ
വീണ സി എസ്

## എഡിറ്റേഴ്സ്

അനുപമ കെ ആർ
ഫാത്തിമ സമീർ

## സബ് എഡിറ്റേഴ്സ്

ശ്രാവണ എസ് എസ്
മുഹമ്മദ് നബീൽ
നേഹ ബി എസ്
ദേവത ജി എ
ശ്രീഹരി ബി